# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കോളേജ്, പടന്നക്കാട്

പടന്നക്കാട് (പി.ഒ), കാസറഗോഡ് ജില്ല, പിൻ-671314, കേരളം

ഫോൺ: 91 467 2282699, 91 467 2280616, E-mail: coapad@kau.in


**നം. ജി2-7456/2024** **തീയതി : 22-12-2025**

**പുനഃടെൻഡർ പരസ്യം**

പടന്നക്കാട് കാർഷിക കോളേജിന് കീഴിലുള്ള ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ്-II (കരുവാച്ചേരി)-ലെ കറവയുള്ള പശുക്കളുടെയും, കറവയില്ലാത്ത പശുക്കളുടെയും, പശുക്കിടാങ്ങളുടെയും പരിപാലനത്തിന്റെ ഭാഗമായി താഴെപ്പറയുന്ന ജോലികൾ ചെയ്യാൻ താൽപര്യമുള്ളവരിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ടെൻഡറുകൾ ക്ഷണിച്ചുകൊള്ളുന്നു. ടെൻഡറുകൾ അയക്കുന്ന കവറിന് പുറത്ത് **പടന്നക്കാട് കാർഷിക കോളേജിന് കീഴിലുള്ള ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ്-I I (കരുവാച്ചേരി)-ലെ പശുപരിപാലന ജോലിക്കുള്ള ടെൻഡർ** എന്ന് രേഖപ്പെടുത്തണം. ടെൻഡർ ഉറപ്പിക്കുന്ന തീയ്യതി മുതൽ ഒരു വർഷത്തേക്കായിരിക്കും പ്രവൃത്തിയുടെ കാലാവധി.

**പശുപരിപാലന ജോലികൾ താഴെപറയും പ്രകാരമാണ്:**

1. രാവിലെ 5.30-നും ഉച്ചയ്ക്ക് 1.30-നും കറവ ജോലി
2. പാലിന്റെ അളവ് കണക്കാക്കുകയും വിതരണത്തിന് സഹായിക്കലും.
3. പശുപരിപാലനത്തിനായിട്ടുള്ള ശുചീകരണ പ്രവത്തനങ്ങൾ. അതായത്, പശുവിനെ കുളിപ്പിക്കൽ, പാത്രങ്ങൾ വൃത്തിയാക്കൽ, ആല വൃത്തിയാക്കൽ തുടങ്ങിയവ.
4. പശുക്കളുടെയും-കിടാങ്ങളുടെയും ഫാമിന്റെ വിവിധ ബ്ലോക്കുകളിൽ പുല്ലിന്റെ ലഭ്യത അനുസരിച്ച് 4 മണിക്കൂർ തീറ്റണം.
5. പശുക്കൾക്ക് വേണ്ട തീറ്റപ്പുല്ല് ശേഖരിക്കുക, യഥാസമയം അവയ്ക്ക് ഭക്ഷണം നൽകുക മുതലായവ.
6. പശുക്കളുടെ ആരോഗ്യ ശ ുശ്രൂഷയ്ക്കും, പ്രസവസമയത്തും വെറ്റിനറി ഡോക്ടറെ സഹായിക്കുക തുടങ്ങിയ ജോലി.
7. പശുപരിപാലനവുമായി ബന്ധപ്പെട്ട മറ്റ് അനുബന്ധ ജോലികൾ

മുകളിൽപ്പറഞ്ഞ ജോലികൾ ചെയ്യുന്നതിന് ആവശ്യമായ ദിവസക്കൂലി എത്രയെന്ന് വെള്ളക്കടലാസിൽ എഴുതി ഒപ്പിട്ടു സീൽ ചെയ്ത കവറിൽ **29.12.2025-ന് ഉച്ചക്ക് 3.00 മണിക്ക്** മുമ്പായി ഡീൻ, കാർഷിക കോളേജ് പടന്നക്കാട്, പടന്നക്കാട്(പി.ഒ)-671314 എന്ന വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്. ടെൻഡറിനൊപ്പം 8,000/- രൂപ നിരതദ്രവ്യമായി കെട്ടിവെക്കേണ്ടതാണ്. കൂടാതെ ടെൻഡർ ഫോമും, സ്റ്റാമ്പ് പേപ്പറിൽ തയ്യാറാക്കിയ സമ്മതപത്രവും ടെൻഡർ ഫീസും അതോടൊപ്പമുള്ള ജി.എസ്.ടി തുകയും ഡീൻ, കാർഷിക കോളേജ് പടന്നക്കാടിന്റെ പേരിൽ നീലേശ്വരം ശാഖയിൽ മാറാവുന്ന ഡിഡി ആയോ പണമടച്ച രസീതായോ ടെൻഡറിനോടൊപ്പം നൽകേണ്ടതാണ്.

ടെൻഡർ ഫീസ് : 1,500/- രൂപ
ജി.എസ്.ടി : 270/- രൂപ
നിരതദ്രവ്യം : 8,000/- രൂപ
ടെൻഡർ നൽകേണ്ട അവസാന തീയതിയും, സമയവും : 29.12.2025, 3 മണി
ടെൻഡർ തുറക്കുന്ന തീയതിയും, സമയവും : 29.12.2025, 3.30 മണി

ടെൻഡറിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർക്ക് ജോലിസ്ഥലവും, പശുക്കളെയും കിടാങ്ങളെയും നേരിട്ട് കാണുന്നതിന് ഓഫീസ് പ്രവൃത്തി സമയത്ത് ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ്- I I (കരുവാച്ചേരി) സന്ദർശിക്കാവുന്നതാണ്. ടെൻഡർ സംബന്ധിച്ച സർക്കാർ/സർവ്വകലാശാല നിബന്ധനകളെല്ലാം ഇതിനും ബാധകമായിരിക്കും. വിശദവിവരങ്ങൾക്ക് പ്രവർത്തി സമയങ്ങളിൽ ഓഫീസിൽ അന്വേഷിക്കേണ്ടതാണ് (ഫോൺ നമ്പർ: **0467 2280616/ 9605068213**). ടെൻഡർ ഫോമും, സമ്മതപത്രത്തിന്റെ മാതൃകയും മറ്റ് വിശദാംശങ്ങളും കെ.എ.യു വെബ്സൈറ്റായ **www.kau.edu/tenders** -ൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്. കൃത്യസമയത്ത് കിട്ടിയ ടെൻഡറുകൾ തുറന്ന് ഏറ്റവും കുറഞ്ഞതും, സ്വീകാര്യവുമായ നിരക്ക് അംഗീകരിക്കുന്നതുമായിരിക്കും. വിജയിയായ ടെൻഡറുകാരൻ അറിയിപ്പ് കിട്ടുന്ന മുറക്ക് ജോലി ആരംഭിക്കേണ്ടതും സമയബന്ധിതമായി ഫാമിലെ ഉദ്യോഗസ്ഥർ നിഷ്കർഷിക്കുന്ന ജോലികൾ ഫാമിലുള്ള മറ്റ് വസ്തുവകകൾക്ക് ഒന്നും നഷ്ടം സംഭവിക്കാതെ ചെയ്തു തീർക്കേണ്ടതുമാണ്. ഫാമിലെ മറ്റു ജീവനക്കാരുമായി സഹകരിക്കേണ്ടതും ഫാമിലെ അച്ചടക്ക രീതികൾ പാലിക്കേണ്ടതുമാണ്. സ്വീകരിക്കപ്പെടുന്ന ദർഘാസ് സമർപ്പിച്ചയാൾ **200/-** രൂപ മുദ്രപത്രത്തിൽ ഒരു കരാർ നിർദിഷ്ട മാതൃകയിൽ എഴുതി നൽകേണ്ടതാണ്.

താമസിച്ച് ലഭിച്ചതോ അപൂർണമായതോ ആയ (നിരക്ക് കൃത്യമായി രേഖപ്പെടുത്താതത്, ടെൻഡർ ഫോം ഇല്ലാത്ത ടെൻഡർ ഫീസ്, നിരതദ്രവ്യം ഒടുക്കാത്തത് മുതലായവ) ടെൻഡറുകൾ തിരസ്ക്കരിക്കുന്നതാണ്. ടെൻഡർ സ്വീകരിക്കുന്നതിനോ കാരണം വ്യക്തമാക്കാതെ തള്ളിക്കളയുന്നതിനോ ഉള്ള പൂർണ്ണ അധികാരം കാർഷിക കോളേജ് ഡീനിൽ നിക്ഷിപ്തമാണ്.

ഒരു വർഷത്തേക്കുള്ള മൊത്തം കരാർ തുകയുടെ **5%** സെക്യൂരിറ്റി ഡെപ്പോസിറ്റ് നൽകേണ്ടതാണ്. കരാറിൽ നിന്ന് ഇടയ്ക്ക് വെച്ച് പിന്മാറുകയാണെങ്കിൽ, ആയതിനെ തുടർന്ന് ഫാമിനുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് ഉത്തരവാദിത്തം കരാറുകാരനായിരിക്കും. ആയതിനുള്ള നഷ്ടപരിഹാരം കരാറുകാരനിൽ നിന്നും ഈടാക്കുന്നതായിരിക്കും.

ആദായ നികുതി ബാധകമാകുന്ന സാഹചര്യത്തിൽ നിലവിലുള്ള നിരക്കിൽ നികുതി ഈടാക്കുന്നതായിരിക്കും. വർഷത്തിൽ ഒരു ലക്ഷം രൂപയിൽ കൂടുതൽ പ്രതിഫലം ലഭിക്കുന്ന സാഹചര്യത്തിൽ പാൻകാർഡ് നിർബന്ധമായും എടുത്തിരിക്കേണ്ടതാണ്. പാൻ നമ്പർ ലഭ്യമല്ലെങ്കിൽ ഉയർന്ന നിരക്കിൽ നികുതി ഈടാക്കുന്നതാണ്. ജോലി ചെയ്തതിനുള്ള പ്രതിഫലം ഇൻവോയ്സ് തന്നാൽ ബാങ്ക് അക്കൗണ്ട് ട്രാൻസ്ഫർ മുഖേന ഓരോ മാസവും നൽകുന്നതായിരിക്കും.

സർക്കാർ ടെൻഡറിന്റെ എല്ലാ നിബന്ധനകളും ഇതിനും ബാധകമാണ്. ടെൻഡർ ദിവസം ഏതെങ്കിലും കാരണവശാൽ അവധി ദിവസമാകുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ഉച്ചക്ക് **3.00** മണി വരെ ടെൻഡർ സ്വീകരിക്കുന്നതും **3.30** മണിക്ക് തുറന്നു പരിശോധിക്കുന്നതുമാണ്.

മറ്റ് വിവരങ്ങൾ ഓഫീസ് പ്രവൃത്തി സമയത്ത് അന്വേഷിക്കാവുന്നതാണ്. ഫോൺ നമ്പർ: ഓഫീസ് **- 0467 2280616**, ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ് **–II 0467 2280358/9605068213.**

**Dr. Sajitha Rani T**
**DEAN**

പകർപ്പ്:

1. നോട്ടീസ് ബോർഡ് (കോളേജ് ഓഫീസ്, ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ്-I & II)
2. നഗരസഭ ഓഫീസ് (നീലേശ്വരം, കാഞ്ഞങ്ങാട്)

3. വില്ലേജ് ഓഫീസ് (നീലേശ്വരം, കാഞ്ഞങ്ങാട്)
4. കോളേജ് വെബ്സൈറ്റ്
5. ഡോ.അഞ്ജലി എ എസ്., അസിസ്റ്റന്റ് പ്രൊഫസർ, ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ്-II-ന്റെ ചുമതലയുള്ള ഉദ്യോഗസ്ഥ.
6. ശ്രീമതി. രേഖ എം, ഫാം മാനേജർ , ഇൻസ്ട്രേക്ഷണൽ ഫാം യൂണിറ്റ്- I & II
7. വർക്ക് കമ്മിറ്റി ചെയർപേഴ്സൺ
8. D2 സെക്ഷൻ

**//അംഗീകാരത്തോടെ അയക്കുന്നത്//**

Signed by
Sudhir C
Date: 23-12-2025 10:04:28
**സെക്ഷൻ ഓഫീസർ**